LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടനിലക്കാർക്ക് കൊള്ള ലാഭം കൊയ്യാൻ വഴി തുറന്ന മരംമുറി വിവാദത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ?

അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ ആരോപണങ്ങളിലും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരികയാണ്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) പുതിയ സാഹചര്യത്തിൽ കർഷകർക്ക് അവകാശപ്പെട്ട ജന്മാവകാശമുള്ള ഭൂമിയിലെ മരങ്ങൾപോലും മുറിക്കുന്നതിനുള്ള അനുമതി നിഷേധിക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരവിലെ അവ്യക്തതമൂലം കർഷകരെ ദുരിതത്തിലാക്കുന്ന തരത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ പുനഃപരിശോധിക്കുമോ; വിശദീകരിക്കുമോ ?

കർഷകരെ ദുരിതത്തിലാക്കുന്ന നടപടികളൊന്നും തന്നെ വനം വകുപ്പ് സ്വീകരിച്ചിട്ടില്ല.

മരം മുറിക്കുന്നതിന് ലഭിച്ച അപേക്ഷകൾ

117(423) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ 2020 വരെ ഓരോ വർഷവും മരം മുറിക്കുന്നതിനായി എത്ര അപേക്ഷകളാണ് വനം വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ എത്ര അപേക്ഷകൾക്കാണ് അനുമതി നൽകിയതെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ 2020 വരെ ഓരോ വർഷവും വ്യക്തികളുടെ കൈവശ പട്ടയഭൂമിയിൽ നിന്നും സ്വകാര്യഭൂമികളിൽ നിന്നും മരം മുറിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.